കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ന്യൂമാഹി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൻ.ആർ./സി.7/1648 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി – 11.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന),
ന്യൂമാഹി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം – ന്യൂമാഹി ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.
*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) , 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ – മെയിൽ വഴി)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്.

നം കെ. എസ്. എ-കെ.എൻ.ആർ./സി.7/1648 /2017 തീയതി : 11.10.2017

<u>കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ</u>

# വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.08.16 മുതൽ 22.09.17 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ ജോൺ മനോഹർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.09.17 മുതൽ 28.09.17 വരെയും 03.10.17 മുതൽ 04.10.17 വരെയും |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി റീന പിട്ടൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 3 | ശ്രീമതി ധന്യ എം വി | ഓഡിറ്റർ |
| 4 | ശ്രീമതി ശ്രീജ കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ എ വി ചന്ദ്രദാസൻ | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.ജയപ്രകാശ് വി പി (അഡിഷണൽ ചാർജ്ജ്) | 01.04.16 മുതൽ 21.07.16 വരെയും 22.12.16 മുതൽ 30.12.16 വരെയും |
| | ശ്രീ ഹുസൈൻ എം എ | 22.07.16 മുതൽ 17.08.16 വരെ |
| | ശ്രീ കെ സത്യൻ (അസിസ്റ്റന്റ് സെക്രട്ടറി, ഇൻ ചാർജ്ജ് ഓഫ് സെക്രട്ടറി) | 18.08.16 മുതൽ 21.12.16 വരെ |
| | ശ്രീമതി മഞ്ജുഷ പി എൻ | 31.12.16 മുതൽ 31.03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി അഷിത എം ആർ | 01.04.16മുതൽ 31.03.17 വരെ |
| 2 | വെറ്റിനറി സർജൻ | ഡോ.നിഷ ചന്ദ്രൻ | 01.04.16 മുതൽ 07.12.16 വരെ |
| | | ഡോ സുജയ് | 08.12.16 മുതൽ 31.03.17 വരെ |

| | | | |
|---|---|---|---|
| | | മോഹൻദാസ് | |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ദിലീഷ് കുമാർ | 01.04.16 മുതൽ 31.03.17 വരെ |
| 4 | ഹെഡ് മാസ്റ്റർ, ജി യു പി എസ് , പുന്നോൽ | ശ്രീ രാജീവൻ പി കെ | 01.04.16 മുതൽ 31.03.17 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി എച്ച് സി | ഡോ. പ്രദോഷ് കുമാർ എം | 01.04.16 മുതൽ 02.02.17 വരെയും<br>01.03.17 മുതൽ 31.03.17 വരെയും |
| | | ഡോ. ദീപ്തി എസ് | 03.02.17 മുതൽ 28.02.17 വരെ |
| 6 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ മോഹൻദാസ് ജി(ഇൻ ചാർജ്ജ്) | 01.04.16 മുതൽ 31.07.16 വരെ |
| | | ശ്രീ കെ സത്യൻ | 01.08.16 മുതൽ 31.03.17 വരെ |

| | | | |
|---|---|---|---|
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ഉഷ വി പി | 01.04.2016മുതൽ31.03.2017 വരെ |
| 8 | വി.ഇ.ഒ | ശ്രീ ഷാജി പി കെ | 01.04.16മുതൽ 31.03.17വരെ |
| 9 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ശ്രീരേഖ ടി വൈ | 01.04.16മുതൽ 07.12.16 വരെ |
| | | ഡോ ഹെന്ന ജാസ്മിൻ | 08.12.16മുതൽ 11.01.17 വരെ |
| | | ഡോ അനീന പി ത്യാഗരാജ് | 12.01.17മുതൽ 26.01.17 വരെ |
| | | ഡോ രാജശ്രീ ആർ | 27.01.17മുതൽ 31.03.17 വരെ |
| 10 | മെഡിക്കൽ ഓഫീസർ (ജി എ ഡി) | ഡോ ഷിമി എസ് രാജ് | 01.04.16മുതൽ 03.08.16 വരെ |
| | | ഡോ മഞ്ജൂഷ ഇ വി | 04.08.16മുതൽ 29.11.16 വരെ |
| | | ഡോ ഗോപിക യു കെ | 30.11.16മുതൽ 31.03.17 വരെ |
| 11 | സബ് ഇൻസ്പെക്ടർ, ഫിഷറീസ് | ശ്രീ. സുജിത്ത് കുമാർ | 01.04.16മുതൽ 02.06.16 വരെ |

| | | |
|---|---|---|
| | ശ്രീ ഷാജി സി | 03.06.16മുതൽ 02.12.16 വരെ |
| | ശ്രീ അനീഷ് കുമാർ എ | 03.12.16മുതൽ 12.01.17 വരെ |
| | ശ്രീമതി സംഗീത എ കെ | 13.01.17മുതൽ 23.01.17 വരെ |
| | ശ്രീ റിജുൽ രാജ് | 24.01.17മുതൽ 31.03.17 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരങ്ങൾ |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |

| | | |
|---|---|---|
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ |
| 11 | 1-11 | ഗ്രാമസഭ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | 2-1 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല |
| 13 | 2-2 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി-മുൻവർഷങ്ങളിലെ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്. |
| 14 | 2-3 | അനധികൃതമായി നിർമിച്ച മുഴവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ ചേർക്കുന്നില്ല. |
| 15 | 2-4 | നിലവിലുള്ള സർക്കാർ ഉത്തരവ് മറികടന്ന് 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണവമുള്ള വാസഗൃഹങ്ങൾക്ക് താത്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി |
| 16 | 2-5 | അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കുന്നില്ല. |
| 17 | 2-6 | CRZ III പരിധിയിലെ അനധികൃത ഓഡിറ്റോറിയം നിർമാണം - റഗുലറൈസ് ചെയ്തു നല്കിയത് ക്രമവിരുദ്ധം |
| 18 | 2-7 | മുഴവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല |

| | | |
|---|---|---|
| | | |
| 19 | 2-8 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 20 | 2-9 | ഇ-മണലുമായി ബന്ധപ്പെട്ട വരവുകൾ -ഗ്രാമപഞ്ചായത്ത് വിഹിതം കറണ്ട് അക്കൌണ്ടിൽ സൂക്ഷിക്കുന്നത്- വരുമാന നഷ്ടം |
| ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | 3-1 | ഓണം അഡ്വാൻസ് ക്രമീകരിക്കാത്തത് |
| 22 | 3-2 | ശമ്പള പരിഷ്കരണം- അംഗീകാരം വാങ്ങിയിട്ടില്ല |
| 23 | 3-3 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പദ്ധതികൾ |
| 24 | 3-4 | ഡി ബി ടി വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ- വിതരണം നിരീക്ഷിക്കപ്പെടുന്നില്ല |
| 25 | 3-5 | തുക മുൻ കൂർ നൽകി - നാളിതുവരെയും മരുന്ന് ലഭ്യമായില്ല |
| 26 | 3-6 | പ്രത്യേക കന്നുകുട്ടി പരിപാലനം - പൂർത്തിയായ പദ്ധതിയിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 27 | 3-7 | ജവഹർലാൽ നെഹ്റു ഭവനനിർമ്മാണപദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് |
| 28 | 3-8 | ഇന്റർ ലോക്കിംഗ് - നിരക്ക് – വ്യക്തതയില്ല |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം |
| 32 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 34 | 4-6 | ഓഡിറ്റ് റിക്കവറി |
| 35 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം |
| 36 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-9 | ഓഡിറ്റ് ഇംപാക്ട് |
| 38 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| 39 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 40 | അനുബന്ധം2 | ബാലൻസ് ഷീറ്റ് |
| 41 | അനുബന്ധം3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 42 | അനുബന്ധം4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.2.16 തിയതിയിലെ 24/16 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ്പ്രകാരമുള്ള വരവു ചെലവുകൾ താഴെ കൊടുക്കുന്നു. 24.03.17 ലെ 36/17 തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ളത് | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 8291133 | 11357036 |
| വരവ് | 44702000 | 50227144 |
| ആകെ | 52993133 | 61584180 |
| ചെലവ് | 51124000 | 54665500 |
| നീക്കിയിരിപ്പ് | 1869133 | 6918680 |

ബജറ്റ് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.17 | 27.07.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | തരം |
|---|---|---|---|
| 2016-17 | 27.09.17 | കെഎസ്എ കെഎൻആർ സി7/1648 /2017 തീയതി 11/10/17 | വിശേഷണങ്ങളോട്ടു കൂടിയത് |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് , ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

(a)വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) ആസ്തിയുടെ മൂല്യനിർണ്ണയം (മുന്നിരിപ്പുൾപ്പെടെ) പൂർത്തിയാക്കിയിട്ടില്ല

2)ഡി സിബി പത്രിക പ്രകാരമുള്ള വസ്തു നികുതി കുടിശിക ധനകാര്യ പത്രികയിലെ കുടിശികയുമായി പൊരുത്തപ്പെടുന്നില്ല. 2015-16 ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂളിൽ വസ്തു നികുതിയിനത്തിൽ കിട്ടാൻ

ബാക്കിയുള്ളതായി രേഖപ്പെടുത്തിരിക്കുന്നത് 829364(current) +379840(arrear)=1209204 രൂപയാണ് എന്നാൽ പരിശോധനക്ക് ഹാജരാക്കിയ ഡി സി ബി പത്രിക പ്രകാരം 2016-17 വർഷം വസ്തുനികുതി കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്നത് 1159601 രൂപയാണ്.
3) പരസ്യ നികുതി രജിസ്റ്റർ പ്രകാരം 2016-17 വർഷത്തെ ഡിമാന്റും കലക്ഷനും 71000/-രൂപയാണ്. 2016-17 ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ ഡിമാന്റും(I-1) കലക്ഷനും(RP-43) 50000/- രൂപയാണ്.

4)ദുരിതാശ്വാസ നിധി അക്കൌണ്ടിൽ നീക്കിയിരിപ്പായി B-2 ൽ 31602 രൂപയും B-17 ൽ 32308 രൂപയുമാണ്.

5)ധനകാര്യ പത്രികയിലെ പർമ്മിറ്റ് ഫീസിനത്തിലുള്ള വരവ് വരവു രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല .RP-4 പ്രകാരം പെർമിറ്റ് ഫീസിനത്തിലുള്ള വരവ് 132520 രൂപയും പരിശോധനക്ക് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം വരവ് 123563/- രൂപയുമാണ്.

6)Interest on Fixed Deposoit ഇനത്തിൽ 2016-17 വർഷത്തെ വരവായ 130907 രൂപ ധനകാര്യ പത്രികയുടെ Receipt and Payment Schedule ൽ (RP-8) ഉൾപ്പെടുത്തിയിട്ടില്ല.

7)ബി 4ഷെഡ്യൂൾ പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതമായി 85550രൂപയും ബ്ലോക്ക് വിഹിതമായി 151306രൂപയും നീക്കിയിരിപ്പുണ്ട്. സംയോജിത പദ്ധതികൾക്കായി ലഭിക്കുന്ന വിഹിതങ്ങൾ അതാത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കേണ്ടതാണെന്നും അവശേഷിക്കുന്ന തുക വർഷാവസാനം തിരിച്ചടക്കേണ്ടതാണെന്നുമുള്ള സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത് അപാകമാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9925003 |
| വരവ് | 24426731 |
| ആകെ | 34351734 |
| ചെലവ് | 24350008 |

| | |
|---|---|
| നീക്കിയിരിപ്പ് | 10001726 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട് മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6103582 | 6103582 | 5496212 | 607370 | 0 | 90 |
| വികസനഫണ്ട് എസ്.സി.പി. | 0 | 225120 | 225120 | 207536 | 17584 | 0 | 92.18 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1468983 | 1468983 | 416710 | 1052273 | 0 | 28.37 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 2178144 | 376611 | 0 | 85.26 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3422681 | 3422681 | 1610961 | 1811720 | 0 | 47.07 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1890635 | 1890635 | 497867 | 1392768 | 0 | 26.33 |
| എംഎൻ.ആർ. ഇ.ജി.എസ്. | 154 | 3943181 | 3943335 | 3942690 | -- | 645 | 99.98 |
| ബി ഫണ്ട് | 0 | 21875288 | 21875288 | 21875288 | -- | 0 | 100 |
| ബ്ലോക്ക് | 151306 | -- | 151306 | 151306 | -- | 151306 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| പഞ്ചായത്ത് വിഹിതം | | | | | | | |
| ജില്ലാ പഞ്ചായത്ത് വിഹിതം | -- | 175000 | 175000 | 89450 | -- | 85550 | 51.11 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 113 | 29790300 | 84 | 13541093 | 21 | 63 | 29 | 55.75 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 10 | 1352212 | 1002170 | 74.11 |
| 2 | വെറ്റിനറി സർജൻ | 9 | 6 | 1494000 | 289900 | 19.4 |

| | | | | | | |
|---|---|---|---|---|---|---|
| 3 | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 5 | 5 | 793353 | 668625 | 84.28 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദ | 1 | 1 | 100000 | 100000 | 100 |
| 6 | സബ്ഇൻസ്പെക്ടർ, ഫിഷറീസ് | 3 | 3 | 1251050 | 1208263 | 96.58 |
| 7 | വി ഇ ഒ | 11 | 8 | 3633208 | 1235921 | 34.02 |
| 8 | ഐസിഡിഎസ് സൂപ്പർവൈസർ | 5 | 5 | 2952450 | 1756093 | 59.48 |
| 9 | സെക്രട്ടറി | 16 | 12 | 3516098 | 1844774 | 52.47 |
| 10 | ഹെഡ് മാസ്റ്റർ | 5 | 4 | 1159960 | 990436 | 85.39 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 41 | 24 | 12877179 | 4130585 | 32.08 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 559790 | 214326 | 38.29 |
| | ആകെ | 113 | 84 | 29790300 | 13541093 | 45.45 |

പദ്ധതികൾ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്യാത്തത് അപാകമാണ്. വി ഇ ഒ, ഐ സി ഡി എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിച്ചെലവ് വളരെ കുറവാണ്.

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 41.91 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2122309 | 3385534 | 1263225 | 59.52 |
| നികുതിയേതര വരവുകൾ | 1174343 | 1292839 | 118496 | 10.09 |
| ആകെ | 3296652 | 4678373 | 1381721 | 41.91 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17880 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 241200 | 26 |
| വിധവാപെൻഷൻ | 5475000 | 488 |
| വാർദ്ധക്യകാലപെൻഷൻ | 13336800 | 1000 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 1480600 | 135 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകർക്കുള്ള പെൻഷൻ | 951400 | 90 |
| വിവാഹ ധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.17 ന് രാവിലെ 10.25 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49256 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.09.17 | 07/17 മുതൽ 08/17 വരെ | 20.09.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.12 | 2007-08 മുതൽ 2011-12 വരെ | 24.09.13 |

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ പതിമൂന്ന് വാർഡുകളാണുള്ളത്. മുഴവൻ വാർഡുകളിലും 6/16,10/16,11 /16,3/17 മാസങ്ങളിലായി നാലു തവണ വീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഭരണ നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് ഓരോ വർഷത്തേയും ആദ്യത്തെ ഗ്രാമസഭ മുമ്പാകെ വെക്കേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(6) ലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3A(1) (j) യിൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധ തരം ക്ഷേമധനസഹായം ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം ഗ്രാമസഭകൾക്കുണ്ടെങ്കിലും ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കപ്പെടുന്നില്ല. ഇതു സംബന്ധിച്ച അജണ്ട ഓരോ ഗ്രാമസഭയിലും ഉൾപ്പെടുത്തേണ്ടതും വിവിധ കാരണങ്ങളാൽ അർഹരല്ലാതാകുന്ന ഗുണഭോക്താക്കളുടെ വിവരം യഥാസമയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ് .

ക്വാറം തികയാത്ത ഗ്രാമസഭകളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് സാധുതയില്ല. ഗ്രാമപഞ്ചായത്തിലെ ചില ഗ്രാമസഭകൾ ക്വാറം തികയാതെയാണ് സമ്മേളിച്ചിട്ടുള്ളത്. ഉദാഹരണമായി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നതു പ്രകാരം അഞ്ചാം വാർഡിൽ 6/16,10/16 മാസങ്ങളിലെ യോഗങ്ങളിലും ഒമ്പതാം വാർഡിലെ 3/17 ലെ യോഗത്തിലും ആറാം വാർഡിലെ 3/17 ലെ യോഗത്തിലും ക്വാറം തികഞ്ഞിട്ടില്ല. ക്വാറം തികയാത്ത പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിച്ച് യോഗം മാറ്റി വെക്കേണ്ടതും അജണ്ട മാറ്റി വച്ച ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ടതുമാണ്.

| വാർഡ്നമ്പർ | യോഗം നടന്ന മാസം | ആവശ്യമായ ക്വാറം | ഹാജരായ അംഗങ്ങൾ |
|---|---|---|---|
| 5 | 6/16 | 93 | 89 |
| 5 | 10/16 | 93 | 90 |
| 5 | 11/16 | 93 | 41 |
| 6 | 5/16 | 101 | 100 |
| 6 | 3/17 | 101 | 100 |
| 9 | 3/17 | 94 | 87 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല

2016-17കാലയളവിലെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ വാണിജ്യാവശ്യങ്ങൾക്കായി ഡി & ഒ ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | കെട്ടിട ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 10/338 | പി അരവിന്ദാക്ഷൻ | കെ കെ മുഹമ്മദ് ,മത്തിപ്പറമ്പ് | ബ്യൂട്ടി പാർലർ |
| 2 | 5/91 | ടി കെ ശ്രീധരൻ | വി കെ സുരേഷ് ബാബു | അനാദി കച്ചവടം |
| 3 | 1/148 | പി വി യൂസഫ് വൈദ്യർ | പ്രേമാവതി ടി കെ | ആയുർവേദ മരുന്ന് വില്പന |
| 4 | 6/217 | സുനിൽകുമാർ സി വി | സരള എ | അനാദി കച്ചവടം |
| 5 | 9/160 | എകരമുള്ള പറമ്പത്ത് ഹംസ | എകരമുള്ള പറമ്പത്ത് ഹംസ | സ്റ്റേഷനറി കച്ചവടം |
| 6 | 1/246 | മുരിക്കോളി കാട്ടിൽഅബ്ദുൾ റഹ്മാൻ | മുരിക്കോളി കാട്ടിൽഅബ്ദുൾ റഹ്മാൻ | അനാദി കച്ചവടം |
| 7 | 5/201 | പി കെ ശ്രീജിത്ത് | പി ശശികുമാർ | അനാദി കച്ചവടം |

കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണയിച്ച് കുടിശ്ശികയുൾപ്പെടെയുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും .ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുമ്പോൾ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി നിർണയിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-2 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി-മുൻവർഷങ്ങളിലെ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപന പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് 70രൂപയാണ്.എന്നാൽ 2016-17 കാലയളവിൽ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് ₹60 എന്ന തോതിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ നികുതി പുനർനിർണയിച്ച് ഓഡിറ്റ് വർഷം തെററായി നികുതി നിർണ്ണയിക്കുക വഴി നഷ്ടമായ തുക കുടിശ്ശിക സഹിതം രസീത് നമ്പർ 117020101440, 117020101441, 117020101442 തീയതി 3-10-2017 പ്രകാരം ഈടാക്കിയിട്ടുണ്ട്.(അടവ് വിവരങ്ങൾ ഖണ്ഡിക 4-9 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ മുൻവർഷങ്ങളിലും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മുൻവർഷങ്ങളിൽ നികുതി നിർണ്ണയിച്ച 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയം പുനപ്പരിശോധിച്ച് നഷ്ടം ഈടാക്കേണ്ടതാണ്.

## 2-3 അനധികൃതമായി നിർമിച്ച മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ ചേർക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(എ എ)(4) 4 പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വെ നമ്പർ, വസ്തു ഉടമയുടെ പേരു വിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ(യു എ നമ്പർ), കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് സെക്രട്ടറി പരിപാലിച്ച് പോരേണ്ടതാണെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(എ എ) പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കേണ്ട ഏതെങ്കിലും നടപടിക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203ാം വകുപ്പ് 2ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണോ ആദ്യംവരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിയും വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ അനധികൃത കെട്ടിട നിർമാണ രജിസ്റ്ററിൽ 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്

ഗാർഹികേതര ആവശ്യങ്ങൾക്കായി നിർമ്മിച്ച അനധികൃത കെട്ടിടം സംബന്ധിച്ചുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം നിർമ്മാണങ്ങൾ പഞ്ചായത്ത് പരിധിയിലുള്ളതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതും അയത് സംബന്ധിച്ച് ഈ ഓഫീസിലെ നം കെ.എസ് എ /കെ എൻ ആർ /സി18/620/16 തീയതി 2-6-16 ലെ റിപ്പോർട്ടിൽ ഖണ്ഡിക 2.2 പരാമർശിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.പ ഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി ആയത് രജിസറ്ററിൽ ചേർത്ത് അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിയമപരമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 നിലവിലുള്ള സർക്കാർ ഉത്തരവ് മറികടന്ന് 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽകാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി

4/6/2012 ലെ ജിഒ(എം എസ്)149/2012/തസ്വഭവ ഉത്തരവു പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിച്ച് നിർമ്മിക്കപ്പെടുന്ന 100 ച.മീറ്റർ വരെയുയുള്ള വീടുകൾക്ക് താത്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത്/ മുൻസിപ്പാലിറ്റി /കോർപ്പറേഷൻ അധികൃതർക്ക് നല്കി ഉത്തരവായിട്ടുണ്ട്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ പതിപ്പിച്ച ഇതേ നമ്പർ ഉത്തരവിൽ 100 ച.മീറ്റർ വരെയുയുള്ള വീടുകൾക്ക് എന്നതിനുപകരം 300 ച.മീറ്റർ വരെയുള്ള വീടുകൾക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ആയതു പ്രകാരം 300ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട് .ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലും തുടർന്ന് പുറപ്പെടുവിച്ച 9/12/2015 ലെ ജിഒ(എം എസ്)351/2015/തസ്വഭവ ഉത്തരവിലും 100 ച.മീറ്റർ വരെ മാത്രമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകാമെന്നു വ്യക്തമാക്കിയിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 300 ച.മീറ്റർ വരെയുള്ള വീടുകൾക്ക് 2013-14,2014-15 കാലയളവിൽ താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകിയ നടപടി സർക്കാർ ഉത്തരവിനു വിരുദ്ധമാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണം (ച.മീറ്റർ) |
|---|---|---|---|
| 1 | UA-T NOIX/2 | പറമ്പത്ത് കണ്ടി സജിത, ബിസ്മില്ല, പരിമഠം | 127.65 |
| 2 | UA-T NOIII/1 | ഇ കെ ബഷീർ,അഷാർ, പെരിങ്ങാടി | 283.79 |

| | | | |
|---|---|---|---|
| 3 | UA-T NOVII/1 | തസ്ലി ,റഹ്മത്തിൽ | 265.37 |

## 2-5 അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(എ എ) ൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിയും വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഇപ്രകാരം വസ്തുനികുതി ഈടാക്കിയിട്ടില്ല. നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത് .ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണം | നിയമാനുസൃതമായിരുന്നെങ്കിൽ ഒരു വർഷം ഈടാക്കേണ്ട വസ്തുനികുതി | ഒരു വർഷം ഈടാക്കിയ വസ്തുനികുതി | 235(എ എ) പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | രസീത് നമ്പർ തീയ്യതി |
|---|---|---|---|---|---|---|
| UA-T NOIII/1 | ഇ കെ ബഷീർ | 283.79 | 1893 | 1893 | 5679 | 11602100890<br>23-6-16 |
| UA-T NOVII/1 | തസ്ലി ,റഹ്മത്തിൽ | 265.37 | 1329 | 1329 | 3987 | 11402100849<br>21-7-14 |
| UA-T NOIX/4 | കോറോത്ത് അഷ്റഫ് | 81.03 | 411 | 411 | 1233 | 11602101924<br>14-10-16 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃതമായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങൾക്കും നിയമത്തിൽ അനുശാസിക്കും പ്രകാരം

മുൻവർഷങ്ങളിലേതുൾപ്പെടെയുള്ള നികുതി ഈടാക്കേണ്ടതാണ്.

2016-17 കാലയളവിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നികുതി ഈടാക്കിയതിന്റെ വിശദവിവരങ്ങൾ പരിശോധിക്കുന്നതിനും കൃത്യമായ നഷ്ടം കണക്കാക്കാനും സാധിച്ചിട്ടില്ല.

## 2-6 CRZ III പരിധിയിലെ അനധികൃത ഓഡിറ്റോറിയം നിർമാണം - റഗുലറൈസ് ചെയ്ത് നൽകിയത് ക്രമവിരുദ്ധം

1- ശ്രീമതി മറിയു വി പി, ബാരാക്കുൽ ഹൗസ്, പെരിങ്ങാടി എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന പഴയ സോമിൽ (കെട്ടിട നമ്പർ-9/85,9/86,9/87,9/88) പൊളിച്ച് മാറ്റി പഞ്ചായത്തിന്റെ അനുമതിയില്ലാതെ 4871.58ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പുതിയ ഓഡിറ്റോറിയം നിർമ്മിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം പുഴയിൽ നിന്നും 9.50 മീറ്റർ മാത്രം അകലമുള്ളതും CRZ III പരിധിയിൽ ഉൾപ്പെടുന്നതുമാണ്.ഇത്തരത്തിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടം പൊളിച്ചു മാററുന്നതിനായി 9-4-2015,21-4-2015,14-12-2015 തീയതികളിൽ കെട്ടിട ഉടമസ്ഥന് നോട്ടീസ് അയച്ചതായി കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 2013-14,2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.2 ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പൊളിച്ചു മാറ്റുന്നതിനായി നോട്ടീസ് നൽകിയ പ്രസ്തുത കെട്ടിടത്തിന് 5-8-2016 തീയതിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ പഴയ സോമില്ലിന്റെ 9/85 കെട്ടിട നമ്പർ നൽകി ഉപയോഗക്രമത്തിൽ മാറ്റം വരുത്തി നികുതി പുനർനിർണയിക്കുകയും 11-8-2016 തീയതിയിൽ രസീത് നമ്പർ 11602101296 പ്രകാരം നികുതി ഈടാക്കുകയും ചെയ്തതിട്ടുണ്ട്. അനധികൃതമായി നിർമ്മിച്ച കെട്ടിടം നിയമാനുസൃത കെട്ടിടമാക്കി മാറ്റി നികുതി നിർണയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല.

2- ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ (ഫയൽ നമ്പർ A1/2545/16,A1/3145/16) പരിശോധിച്ചതിൽ 7-10-2016 തീയതിയിൽ പ്രസ്തുത കെട്ടിടത്തിന്റെ ക്രമവത്കരണത്തിനായി അപേക്ഷ സമർപ്പിച്ചതായും (അപേക്ഷ നമ്പർ,A1/3145/16) അപേക്ഷയുടെ നടപടി ക്രമങ്ങളുടെ ഭാഗമെന്ന രീതിയിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക്(KCZMA) CRZ പരിധിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നത് സംബന്ധിച്ച് നമ്പർ A1/1535/16 തീയതി 13-12-2016 പ്രകാരം സെക്രട്ടറി ശുപാർശ ചെയ്തതായും കാണുന്നു. CRZ III വിഭാഗത്തിൽ പെടുന്ന ആദ്യ 100 മീറ്ററിനുള്ളിൽ നിലവിലുള്ള വീടുകളുടെ അറ്റകുറ്റപണികൾക്കും നിലവിലുള്ള കെട്ടിടം വിസ്തൃതി വർദ്ധനവില്ലാതെ പുതുക്കി പണിയുന്നതിനും KCZMA അനുമതി നൽകി വരുന്നുണ്ട്. എന്നാൽ ഇവിടെ നിലവിലുണ്ടായിരുന്ന വ്യവസായ കെട്ടിടത്തേക്കാളും വിസ്തൃതിയുള്ള പുതിയ ഓഡിറ്റോറിയമാണ് നിർമ്മിച്ചിട്ടുള്ളത്. ഇത്തരം നിർമ്മാണങ്ങൾ KCZMA യ്ക്ക് ശുപാർശ ചെയ്യേണ്ടതില്ലെന്ന് 2011 ലെ കേരള തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിലും 26-9-2013 ലെ 1722/A2/S&TD നമ്പർ സർക്കുലറിലും KCZMAയുടെ 85,86,88 മീറ്റിംഗുകളുടെ തീരുമാനത്തിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും നോൺ റസിഡൻഷ്യൽ ഒക്യുപൻസിയിലുള്ള (GROUP D)കെട്ടിടം KCZMA യ്ക്ക് ശുപാർശ ചെയ്യാനുള്ള സാഹചര്യം വ്യക്തമല്ല.

3- ന്യൂ മാഹി വില്ലേജ് ഓഫീസറുടെ 326/16 നമ്പർ 30/12/2016 ലെ കത്ത് പ്രകാരം ന്യൂ മാഹി

അംശം പെരിങ്ങാടി ദേശത്ത് റീ.സ നമ്പർ 37 ൽ പെട്ട പുഴ പുറമ്പോക്കിൽ നിർമിച്ച പ്രസ്തുത കെട്ടിടത്തിന്റെ ചുമർ പൊളിച്ച് നീക്കിയിട്ടുണ്ടെങ്കിലും മതിൽ നിർമ്മിച്ചത് പൊളിച്ച് മാറ്റാതെ നിലനിൽക്കുന്നതായി കാണുന്നുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പിഴ ഈടാക്കേണ്ടതും ,ചട്ടം 5 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കേണ്ടതുമാണ് . ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല

4- കെട്ടിടം പൊളിച്ച് മാറ്റുന്നതിനായുള്ള പഞ്ചായത്തിന്റെ ഉത്തരവിനെതിരെ ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിൽ കെട്ടിട ഉടമസ്ഥൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഐ എ 2090/16 നമ്പർ ഉത്തരവ് തീയതി 25-11-2016 പ്രകാരം കെട്ടിടം പൊളിച്ച് മാറ്റുന്നത് സ്റ്റേ ചെയ്തിട്ടുണ്ട്. അടുത്ത ഹിയറിംഗിനു മുമ്പായി റഗുലറൈസേഷന് വേണ്ടി നല്കിയ അപേക്ഷയിൽ തീരുമാനമെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ്റ്റേ നീക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികളും കേസിന്റെ തുടർ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും, കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കെട്ടിട ഉടമസ്ഥർക്ക് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം കെട്ടിട ഉടമസ്ഥർക്ക് നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ ഗാർഹികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പഞ്ചായത്തിൽ ലഭിക്കാതെ പോവുകയും തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട വരുമാനം ലഭ്യമാകാതെ പോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. മാത്രവുമല്ല പ്രസ്തുത കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യും. ആയതിനാൽ സെക്ഷൻ 205 (ബി) പ്രകാരം നികുതിക്ക് വിധേയവരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആവശ്യപ്പെടേണ്ടതും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-8 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന വ്യാപാരികളിൽ നിന്നും 2016-17 വർഷത്തിൽ ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിലും തൊഴിൽനികുതി

ഈടാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 കാണുക.

| ക്രമ നം | പേര് | വാർഡ് /കെട്ടിട നം | സംരംഭം |
|---|---|---|---|
| 1 | എ പി പ്രസന്നകുമാർ,മാധവിപുരം | 1/203,1 /207,1/208 | അനാദി,സ്റ്റേഷനറി,ബേക്കറി |
| 2 | തോട്ടുമ്മൽ ശശിധരൻ | 8/47 | അനാദി |
| 3 | എം കെ ജമീല,ജമീഘർ | 10/121 | ഇറച്ചിക്കോഴി വില്പന |
| 4 | കെ പി പാർത്ഥസാരഥി | 10/617 | സ്റ്റേഷനറി |
| 5 | കെ പി സുധാകരൻ | 10/576 | ബാർബർ ഷോപ്പ് |
| 6 | ശശിധരൻ ടി എം | 1/40 | അനാദി |
| 7 | സനീഷ് കുമാർ കെ | 4/244 | പലചരക്ക് |
| 8 | ടി എ മനോഹരൻ | 13/226 | അനാദി |

മേൽ സൂചിപ്പിച്ച വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. സ്ഥാപനങ്ങളിൽ തൊഴിൽനികുതി പരിധിയിൽ വരുന്ന ജീവനക്കാർ ഉണ്ടെങ്കിൽ അവരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

## 2-9 ഇ-മണലുമായി ബന്ധപ്പെട്ട വരവുകൾ -ഗ്രാമപഞ്ചായത്ത് വിഹിതം കറണ്ട് അക്കൌണ്ടിൽ സൂക്ഷിക്കുന്നത്- വരുമാന നഷ്ടം

പഞ്ചായത്തിൽ ഇ മണലുമായി ബന്ധപ്പെട്ട വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി വിജയ ബാങ്കിൽ ആരംഭിച്ച കറണ്ട് അക്കൗണ്ടിൽ (20120030100031) 31.03.17 ൽ 4,18,298/- രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിലൂടെ 29.6.16 ന ശേഷം യാതൊരു രീതിയിലുള്ള ട്രാൻസാക്ഷനും നടത്തിയിട്ടില്ല.

പലിശ രഹിത അക്കൌണ്ടിൽ നിക്ഷേപിച്ച തുക സേവിംഗ്സ് അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിക്കാത്തതിനാൽ പലിശയിനത്തിൽ ലഭ്യമാകേണ്ട വരുമാനം നഷ്ടമാകുന്നത് ഒഴിവാക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓണം അഡ്വാൻസ് ക്രമീകരിക്കാത്തത്

2016-2017 വർഷം ഓണം അഡ്വാൻസ് ഇനത്തിൽ താഴെപ്പറയുന്ന ജീവനക്കാർക്ക് അനുവദിച്ച തുക സമയപരിധിക്കകം ക്രമീകരിച്ചിട്ടില്ല

| ക്രമനമ്പർ | പേര്,ഉദ്യോഗപ്പേര് | അഡ്വാൻസ് തുക/നൽകിയ തീയതി | ക്രമീകരിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | സുനിൽ കുമാർ , | 15,000/-, 08-09-2016 | 3,000/- |
| 2 | രജീഷ്.ടി, അക്കൗണ്ടന്റ് | 15,000/-, 08-09-2016 | 3000/- |

മുൻകൂർ സമയ പരിധിക്കകം ക്രമീകരിക്കാത്തത് അപാകമാണ്. തുക തിരിച്ചു പിടിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ശമ്പള പരിഷ്ക്കരണം- അംഗീകാരം വാങ്ങിയിട്ടില്ല

2014 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവു പ്രകാരം (ജി ഒ(പി) നമ്പർ 7/16 ഫിൻ തീയതി 21.01.16) ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച് പുതുക്കിയ നിരക്കിലുള്ള ശമ്പളവും ബത്തകളും 2016 ഫിബ്രവരി മാസം മുതൽ നല്കി വരുന്നുണ്ടെങ്കിലും നാളിതു വരെ ശമ്പള നിർണ്ണയത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനായി സേവന പുസ്തകങ്ങൾ ജില്ലാ കാര്യാലയത്തിലേക്ക് സമർപ്പിച്ചിട്ടില്ല . ശമ്പള നിർണ്ണയം അംഗീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പദ്ധതികൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പദ്ധതി | നിർവ്വഹണ ഉദ്യോഗ സ്ഥൻ | പ്രോജക്ട് നമ്പർ | അടങ്കൽ | തുക സ്വീകരിച്ച ഉദ്യോഗസ്ഥൻ, | തുക | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | സ്ഥാപനം | | |
| പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി | വെറ്റിനറി സർജൻ | 44/17 | 62500 തനത് ഫണ്ട് | ഡെപ്യൂട്ടി ഡയറക്ടർ എസ് എൽ ബി പി , കണ്ണൂർ | 25000 | P -04/16-17 20.03.17 |
| തെരുവു നായ്ക്കളുടെ നിയന്ത്രണം - ജില്ലാ പഞ്ചായത്തിന് വിഹിതം നല്കൽ | സെക്രട്ടറി | 7/17 | 100000 വികസന ഫണ്ട് | സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 14/16-17 30.11.16 |
| തെരുവു വിളക്ക് മീറ്ററിംഗ് | ,, | 122/17 | 54000 (52500-വികസന ഫണ്ട് 1500-തനത് ഫണ്ട് ) | അസി. എഞ്ചിനീയർ, കെ എസ് ഇ ബി | 52500 | 21/16-17 03.03.17 |
| സമ്പൂർണ്ണ വൈദ്യുതീ കരണം | ,, | 123/17 | 93000 വികസന ഫണ്ട് | ,, | 93000 | 20/16-17 03.03.17 |
| സാമൂഹ്യ സുരക്ഷാ മിഷന് പഞ്ചായത്ത് | ,, | 132/17 | 25000 വികസന ഫണ്ട് | സാമൂഹ്യ സുരക്ഷാ മിഷൻ | 25000 | 31/16-17 31.03.17 |

| | | | | | | |
|---|---|---|---|---|---|---|
| വിഹിതം കൈമാറൽ | | | | | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

## 3-4 ഡി ബി ടി വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ- വിതരണം നിരീക്ഷിക്കപ്പെടുന്നില്ല

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു

1. തലശ്ശേരി, മാഹി, പള്ളൂർ, തിരുവങ്ങാട്, ചൊക്ലി, അഴിയൂർ തുടങ്ങിയ ബ്രാഞ്ചുകളിലെ നാഷണലൈസ്ഡ്/കോപ്പറേറ്റീവ് ബാങ്കുകൾ വഴിയാണ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നിലവിൽ വിതരണം ചെയ്യപ്പെടുന്നത്. ബാങ്കുകളിലേക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻഫർ ചെയ്യാനായി കൈമാറപ്പെടുന്ന തുക ഏതെങ്കിലും കാരണവശാൽ വിതരണം ചെയ്യപ്പെടാതിരിക്കുന്നുണ്ടെങ്കിൽ ഡിബിടി സെല്ലിലേക്ക് തിരിച്ചടക്കുന്നുണ്ടോ എന്നതു സംബന്ധിച്ച യാതൊരു വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നില്ല

2.പെൻഷൻ ഗുണഭോക്താക്കൾ സത്യവാങ്മൂലം സമർപ്പിക്കുന്നുണ്ടെങ്കിലും ഗുണഭോക്താക്കൾ അനർഹരാകുന്ന മുറക്ക് ക്ലെയിം സസ്പെന്റ് ചെയ്യാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല. സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിന്(ക്ലെയിം സസ്പെന്റ് ചെയ്യാൻ) പ്രിവിലജ് എല്ലാസമയവും ലഭ്യമാകുന്നില്ലെന്നതാണ് ഇതിനു കാരണം

3. പെൻഷണർമാരുടെ ആധാർ കാർഡ് നമ്പർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്ക് അക്കൗണ്ട് നമ്പരും ആധാർ നമ്പരും ലിങ്ക് ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല

4.2015-16,16-17 വർഷങ്ങളിൽ അനർഹരായ(മരണമടഞ്ഞതിനാൽ) സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ കൂടുതലായി നല്കിയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| പെൻഷൻ | പെൻഷണർമാരുടെ വിവരങ്ങൾ | | | |
|---|---|---|---|---|
| | പേര് | മരണമടഞ്ഞ തീയതി | അവസാനമായി പെൻഷൻ നല്കിയ മാസം | റിമാർക്സ് |
| വിധവാ പെൻഷൻ | ഇ.എൻ പത്മാവതി | 19.12.14 | 4/15 | നാലു മാസത്തെ പെൻഷൻ അധികമായി നല്കി |
| | രേവതി പി | 02.07.15 | 12/15 | അഞ്ചുമാസത്തെ |

| | | | | |
|---|---|---|---|---|
| | | | | പെൻഷൻ അധികമായി നല്കി |
| | ലീല എൻ പി | 16.07.15 | 12/15 | ,, |
| വാർധക്യകാല പെൻഷൻ | പാത്തുമ്മ മദീന മൻസിൽ | 09.07.15 | 1/16 | ആറുമാസത്തെ പെൻഷൻ അധികമായി നല്കി |
| | നാരായണി യോഗിമഠത്തിൽ | 4.12.15 | 1/16 | ഒരു മാസത്തെ പെൻഷൻ അധികമായി നല്കി |
| | അറക്കൽ മണിയാട്ട് റാബി | 6/15 | 12/16 | 18മാസത്തെ പെൻഷൻ അധികമായി നല്കി |
| | കല്ല്യാണി എൻ കെ | 4/16 | 6/16 | 2മാസത്തെ പെൻഷൻ അധികമായി നല്കി |

അധികം നല്കിയ തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരണമടഞ്ഞ തീയതി ലഭ്യമല്ലാത്ത സംഗതികളിൽ തീയതി കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## 3-5 തുക മുൻ കൂർ നൽകി - നാളിതുവരെയും മരുന്ന് ലഭ്യമായില്ല

A) നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രോജക്റ്റ് നമ്പർ : 97/17

പ്രോജക്ടിന്റെ പേര് :ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 100000 വികസന ഫണ്ട്

ചെലവ് തുക : ₹ 100000 ബിൽ നമ്പർ/തീയ്യതി: 49/16-17/20-02-2017

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ഔഷധി, തൃശ്ശൂർ എന്ന സ്ഥാപനത്തിന് ₹100000നൽകിയിട്ടുണ്ട്. എന്നാൽ ₹ 47558 യുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹52442(100000-47558) യുടെ മരുന്നുകൾ ഇതുവരെയും ഡിസ്പെൻസറിക്ക് ലഭ്യമായിട്ടില്ല.

ലഭ്യമായ മരുന്നിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|
| 90030642 | 22.8.2017 | 9292 |
| 90029058 | 7-8-2017 | 11140 |
| 90021054 | 7.6.17 | 11353 |
| 90021055 | 8-6-17 | 10044 |
| 90021819 | 16-6-17 | 5729 |
| ആകെ | | 47558 |

₹52442 യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ട് നമ്പർ : S0009/17

പ്രോജക്ടിന്റെ പേര് :പി.എച്ച്.സിയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 150000 മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ആകെ : ₹ 144379

പി.എച്ച്.സിയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ്,തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 06-03-17 തീയ്യതിയിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. 8333165 മുഖേന 144379 രൂപ മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും(ബിൽ നമ്പർ/തീയ്യതി/തുക:3/16-17,28-02-17,144379) നാളിതുവരെയും 130422 രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 13957 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

C)നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ

പ്രോജക്ട് നമ്പർ : 29/16

പ്രോജക്ടിന്റെ പേര് :ഹോമിയോ മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 100000 മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവു തുക : ₹ 100000 ബിൽ നമ്പർ/തീയ്യതി: 1/16-17/23-02-2017

ഹോമിയോ മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് ₹100000 നൽകിയെങ്കിലും നാളിതുവരെയും മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പ്രത്യേക കന്നുകുട്ടി പരിപാലനം - പൂർത്തിയായ പദ്ധതിയിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വെറ്റിനറി സർജൻ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2012-13 സാമ്പത്തിക വർഷം ഒടുക്കിയ 93750 രൂപയിൽ 30113 രൂപ ബാക്കിയുള്ളതായും പദ്ധതി നിലവിലും തുടരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട് . 32 മാസമോ ആദ്യ പ്രസവമോ ഏതാണോ ആദ്യം അതു വരെയാണ് കാലിത്തീറ്റ വിതരണം നടത്തേണ്ടതെന്നതിനാൽ പദ്ധതി കാലാവധി അവസാനിച്ചിട്ടുണ്ട്. തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ജവഹർലാൽ നെഹ്റു ഭവനനിർമ്മാണപദ്ധതി - പൂർത്തീകരിക്കാത്തത്

ജവഹർലാൽ നെഹ്റു ഭവനനിർമ്മാണപദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു നൽകിയ തിയ്യതി | കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പററിയ തീയ്യതി | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ജീഷ ഒ. പി | 28.03.16 | 160000 | 40000/30.03.17 | 40000 |
| പി രഞ്ജൻ | 15.03.16 | 180000 | 40000/30.3.17 | 20000 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-8 ഇന്റർ ലോക്കിംഗ് - നിരക്ക് വ്യക്തതയില്ല

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ 80mm കോൺക്രീറ്റ് ബ്ലോക്ക് ഉപയോഗിച്ചുള്ള ഇന്റർലോക്കിംഗ് പ്രവൃത്തികൾക്ക് 973.99/m2 നിരക്കാണ് നല്കിയിട്ടുള്ളത്. നിരക്കിന് അടിസ്ഥാനമാക്കിയ ഡാറ്റയിൽ 80 mm കോൺക്രീറ്റ് ബ്ലോക്കിന്റെ വില ചതുരശ്ര മീറ്ററിന് 466.85രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രൈസ് സോഫ്റ്റ്

വെയറിൽ ഇനം നമ്പർ 6.7.1 ആയി ഉൾപ്പെടുത്തിയ പ്രസ്തുത ഇനത്തിന്റെ ഡാറ്റയിൽ ചതുരശ്ര മീറ്ററിന് 370 രൂപ എന്നാണ് ചേർത്തിട്ടുള്ളത്. പ്രൈസിൽ ഡാറ്റ നിലനില്ക്കെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിന്റെ കാരണം അറിയിക്കേണ്ടതും കോൺക്രീറ്റ് ബ്ലോക്കിന്റെ നിരക്ക് കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതുമാണ്.( 60mm കോൺക്രീറ്റ് ബ്ലോക്കിന്റെ വില 6.7.2 ലും ഹാജരാക്കിയ ഡാറ്റയിലും ചതുരശ്രമീറ്ററിന് 350 രൂപയാണ്) അധിക നിരിക്ക് നൽകിയിട്ടുള്ള പക്ഷം ടി തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികളിൽ പ്രസ്തുത ഇനം ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | പ്രവൃത്തി | ഇനം നമ്പർ | അളവ് | എം ബുക്ക് |
|---|---|---|---|---|
| 1 | നൃകണ്ണമ്പേത്ത് ഫുട്പാത്ത് ഇന്റർലോക്കിംഗ് | 3 | 197.01ച.മീ | 16/16-17 |
| 2 | കുന്നമ്മൽ ഫുട്പാത്ത് ഇന്റർ ലോക്കിംഗ് | 3 | 93.49ച മീ | 8/16-17 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 100000 | പെയ്ൻ & പാലിയേറ്റീവ് കെയർ പ്രോഗ്രാം | 89450 | 10550 |
| | 75000 | ശാരീരിക മാനസിക വെല്ലുവിള നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | - | 75000 |

| | | | | |
|---|---|---|---|---|
| | | | | |
| ആകെ | | | | 85550 |

മുൻവർഷങ്ങളിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ഖണ്ഡിക 1-5-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാർ നിർദ്ദേശാനുസരണം തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പദ്ധതിയുടെ പേര് | പ്രോജക്ട് നം. | അടങ്കൽ | സ്ഥാപനം | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|---|
| തെരുവു വിളക്ക് മീറ്ററിംഗ് | 122/17 | 54000 | കെ.എസ്.ഇ.ബി. | 52500 | 21/16-17 തീ.3.3.17 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

10000രൂപ മൂല്യമുള്ള ഷെയർ സർട്ടിഫിക്കറ്റുകളും 1473540 രൂപയുടെ സ്ഥിരനിക്ഷേപവും ഉണ്ട്.

സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെയും ഷെയർ സർട്ടിഫിക്കറ്റുകളുടേയും വിവരങ്ങൾ

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ് നമ്പർ 189/08.10.2004 | 10000 |
| 2 | തലശ്ശേരി കോപ്പറേറ്റീവ് റൂറൽ ബാങ്ക്,ന്യൂമാഹി ബ്രാഞ്ചിലെ 005001077443 നമ്പർ സ്ഥിരനിക്ഷേപം | 1473540 |

| | | |
|---|---|---|
| | ആകെ | 1483540രൂ |

സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 1342633 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 130907 |
| ആകെ | 1473540 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപം | 1473540 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഈയിനത്തിൽ വരവു വന്ന 41070 രൂപയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീറ്റ് നമ്പർ തീയതി |
|---|---|---|---|---|
| 2013-14, 14-15 | 2-5 | 1200 | സന്തോഷ് കുമാർ ബി | 11602103791/25.01.17 |
| 2003-04 | 3-1(1) | 2000 | കെ ബാബുരാജൻ | 11602103173/16.12.16 |
| 2013-14, 14-15 | 2-5 | 1440 | കെ കെ പ്രകാശ് | 11602103261/23.12.16 |
| ,, | ,, | 1920 | കെ പി കോമു | 11602103416/29.12.16 |
| ,, | ,, | 720 | കെ വി മുരളീകൃഷ്ണൻ | 11602103708/20.01.17 |
| ,, | ,, | 420 | ഹെഡ് മാസ്റ്റർ, ഇന്ത്യൻ പബ്ലിക്ക് സ്കൂൾ , പെരിങ്ങാടി | 11602104241/20.02.17 |
| ,, | ,, | 1440 | മെട്രോ ടിമ്പർ | 11602104771/16.03.17 |

| | | | | |
|---|---|---|---|---|
| ,, | ,, | 1740 | പ്രിൻസിപ്പാൽ, അൽ ഫല്ലാഹ് കോളേജ് | 11602101118/27.07.16 |
| ,, | ,, | 150 | സെക്രട്ടറി, കുറിച്ചിയിൽ സർവ്വീസ് സഹകരണ ബാങ്ക് | 11602101119/27.07.16 |
| ,, | ,, | 3600 | കെ കെ പുരുഷോത്തമൻ | 11602101330/17.08.16 |
| ,, | ,, | 2160 | സി എച്ച് അബൂബക്കർ സിദ്ദിഖ് | 11602101362/19.08.16 |
| ,, | ,, | 2160 | പ്രോപ്രൈറ്റർ | 11602101459/26.08.16 |
| ,, | ,, | 2160 | കെ ടി മുനീറുദ്ദീൻ | 11602101485/30.08.16 |
| ,, | ,, | 5040 | പി പി അനസ് | 11602101522/31.08.16 |
| ,, | ,, | 2520 | അബ്ദുൾഗദ്ദാഫി | 11602101569/19.08.16 |
| ,, | ,, | 4680 | വി പി ഫൈസൽ | 11602101582/07.09.16 |
| ,, | ,, | 4560 | ടി എ ഫൌസിയ | 11602101697/24.09.16 |
| ,, | ,, | 250 | സി ടി പി അഷ്റഫ് | 11602101878/05.10.16 |
| ,, | ,, | 240 | സുജാത എൻ പി | 11602101934/17.10.16 |
| ,, | ,, | 2640 | യു ടി ഷീബ | 11602103259/23.12.16 |
| | ആകെ | 41040രൂ | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2,44,26,731 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2,43,50,008 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഖണ്ഡിക 4-9 കാണുക |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

നഷ്ടമായ തുക ഓഡിറ്റ് വേളയിൽ തിരിച്ചടച്ചിട്ടുണ്ട്. ഖണ്ഡിക 4-9 കാണുക

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-3, 2-4, 2-5, 2-6, 3-8

## 4-9 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഓഡിറ്റ് എൻക്വയറി നമ്പർ | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ഒടുക്കിയ തുക | റസീറ്റ് നമ്പർ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 6/16-17 25/09/17 | വസ്തുനികുതി നിർണ്ണയത്തിൽ പിഴവ് വന്നത് | സെക്രട്ടറി | 2477 | 117020101440 3/10/17 |
| | | | 2477 | 117020101441 3/10/17 |
| | | | 2477 | 117020101442 3/10/17 |
| 21/16-17 | തൊഴിൽ നികുതി ഈടാക്കാത്തത് | ,, | 600 | 117020101484 05/10/17 |
| 21/16-17 | ,, | ,, | 600 | 117020101485 05/10/17 |
| | | | 8631രൂപ | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കെ.എൻ.ആർ/ഡി1/941/2009 /(11)തീ.23.06.2012 |
| 1998-99 | എൽ.എഫ്.കെ.എൻ.ആർ/ഡി1/941/2009 /(12)തീ.23.06.2012 |
| 2000-01 | എൽ.എഫ്.കെ.എൻ.ആർ/ഡി1/941/2009 /(15)തീ.23.06.2012 |
| 2002-03 | എൽ.എഫ്.കെ.എൻ.ആർ/ഡി1/941/2009 /(18)തീ.23.06.2012 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ/ഡി1/1135/2008 /(11)തീ.06.11.2009 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ/ഡി1/1136/2008 /തീ.06.11.2009 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/ഡി1/1135/755 |

| | |
|---|---|
| | /തീ.26.08.2010 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/ഡി1/756/2010 /തീ.26.08.2010 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ/ഡി6/259/2012 /തീ.26.06.2012 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ/ഡി6/260/2012 /തീ.26.06.2012 |
| 2010-11 | എൽ.എഫ്.കെ.എൻ.ആർ/ഡി6/260/2012 /തീ.26.06.2012 |
| 2011-12,12-13 | എൽ.എഫ്.കെ.എൻ.ആർ/ഡി6/246/2014 /തീ.18.11.2014 |
| 2013-14. 14-15 | എൽ.എഫ്.കെ.എൻ.ആർ/ഡി8/620/2016 /തീ.02.06.2016 |
| 2015-16 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ/കെഎൻആർ/സി.7/1648/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ – 04972707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തീയതി: 11.10.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Audit certificate

No. KSA/KNR/C7/1648/2017

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE, KANNUR

PHONE- 04972707698

E-mail.*doknr.ksad@kerala.gov.in*

Dated: 11.10.2017.

Certified that I have audited the Annual Financial Statement of New Mahe Grama Panchayath in Kannur District for the year ended 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of New Mahe Grama Panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

Deputy Director,
District Audit Office, Kannur.

## അനുബന്ധം 2

# RECEIPT AND PAYMENT STATEMENT

NEW MAHE GRAMA PANCHAYATH -RECEIPT AND PAYMENT STATEMENT FOR THE PERIOD

FROM 01-APRIL, 2016 TO 31- MARCH, 2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT (Rs) |
|---|---|---|---|
| OPENING BALANCE | | | |
| | BANK<br>CASH | RP -40(a)<br>RP-40(a) | 9843185<br>81818 |
| RECEIPTS | | | |
| OPERATING | | | |
| 110000000 | TAX REVENUE | RP-1 | 650360 |
| 130000000 | FEES AND USER CHARGES | RP-4 | 339110 |
| 140000000 | SALE AND HIRE CHARGES | RP-5 | 108250 |
| 150000000 | REVENUE GRANTS CONTRIBUTIONS& COMPENSATIONS | RP-7 | 5949996 |
| 160000000 | INTEREST EARNED | RP-9 | 165132 |
| 171000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 12676699 |
| 320000000 | OTHER LIABILITIES | RP-36 | 334472 |
| 431000000 | SUNDRY DEBTORS (RECEIVABLES) | RP-43 | 134385 |
| NON OPERATING | | | |
| 180000000 | OTHER INCOME | RP-10 | 41040 |
| 311000000 | EARMARKED FUNDS | RP-29 | 1676 |
| 340000000 | DEPOSITS RECEIVED | RP-34 | 196538 |
| 350000000 | OTHER LIABILITIES | RP-36 | 167342 |
| 431000000 | SUNDRY DEBTORS(RECEIVABLE) | RP-43 | 3374481 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 287250 |
| GRAND TOTAL | | | 34351734 |
| PAYMENTS | | | |
| OPERATING | | | |
| 210000000 | ESTABLISHMENT EXPENSES | RP-11 | 2403919 |
| 220000000 | ADMINISTRATIVE EXPENSES | RP-12 | 442493 |
| 230000000 | OPERATIONS AND MAINTANANCE | RP-13 | 566220 |

| | | | |
|---|---|---|---|
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | RP-15 | 2606933 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | RP-16 | 5288365 |
| 252000000 | DECENTRALISED PLAN PROGRAMME - INFRASTRUCTURE SECTOR | RP-17 | 112685 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | RP-18 | 430914 |
| 254000000 | EXPENDITURE FOR TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES | RP-19 | 323228 |
| 255000000 | MAINTANANCE PROJECTS | RP-20 | 2044130 |
| 256000000 | OTHER REVENUE GRANTS AND FUNDS-REVENUE EXPENSES | RP-21 | 37000 |
| 260000000 | GRANTS CONTRIBUTIONS AND COMPENSATIONS FROM OWN FUND | RP-22 | 20000 |
| 280000000 | PRIOR PERIOD ITEM | RP-26 | -3782 |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 500000 |
| 350000000 | OTHER LIABILITIES | RP-36 | 4212725 |
| NON OPERATING | | | |
| 240000000 | INTEREST AND FINANCE CHARGES | RP-14 | 208 |
| 340000000 | DEPOSITS RECEIVED | RP-34 | 69000 |
| 350000000 | OTHER LIABILITIES | RP-36 | 1089082 |
| 410000000 | FIXED ASSETS | RP-38 | 3629278 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 577610 |
| CLOSING BALANCE | | | |
| | BANK<br>CASH | RP - 40(b)<br>RP - 40(b) | 9938007<br>63719 |
| GRNAT TOTAL | | | 34351734 |

ഡെപ്യൂട്ടിഡയറക്ടർ

## അനുബന്ധം 3

# INCOME & EXPENDITURE STATEMENT

NEW MAHE GRAMA PANCHAYATH INCOME & EXPENDITURE STATEMENT FOR THE PERIOD
FROM 01-APRIL, 2016 TO 31- MARCH, 2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT (Rs) |
|---|---|---|---|

| | | | |
|---|---|---|---|
| INCOME | | | |
| 110000000 | TAX REVENUE | I-1 | 3117566 |
| 130000000 | RENTAL INCOME FROM PANCHAYATH PROPERTIES | I-3 | 607455 |
| 140000000 | FEES AND USER CHARGES | I-4(b) | 405290 |
| 150000000 | SALE AND HIRE CHARGES | I-5(b) | 108250 |
| 160000000 | REVENUE GRANTS , FUNDS, CONTRIBUTIONS AND COMPENSATIONS | I-6 | 38690360 |
| | | I-7 | 130907 |
| 171000000 | INTEREST EARNED | I-8 | 165018 |
| 180000000 | OTHER INCOME | I-9 | 41040 |
| A | TOTAL INCOME | | 43265886 |
| EXPENDITURE | | | |
| 210000000 | ESTABLISHMENT EXPENSES | I-10(b) | 7248981 |
| 220000000 | ADMINISTRATIVE EXPENSES | I-11(b) | 442493 |
| 230000000 | OPERATIONS AND MAINTANANCE | I-12(b) | 727020 |
| 240000000 | INTEREST AND FINANCE CHARGES | I-13 | 208 |
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | I-14 | 3938719 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | I-14(a) | 6782071 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | I-14(b) | 112685 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | I-14(c) | 430914 |
| 254000000 | EXPENDITURE OF TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES(NOT INCLUDED UNDER DECENTRALISED PLAN PROGRAMME) | I-14(d) | 21875288 |
| 255000000 | MAINTANANCE PROJECTS | I-14(e) | 2044130 |
| | | I-15(a) | 37000 |
| | | I-15 | 20000 |
| B | TOTAL EXPENDITURE | | 43659509 |

| | | | |
|---|---|---|---|
| C=A-B | GROSS SURPLUS / DEFICIT OF INCOME OVER EXPENDITURE | | (393623) |
| D=280000000 | PRIOR PERIOD ITEM | I-18 | (41221) |
| E=C-D<br>290000000 | GROSS SURPLUS/DEFICIT OF INCOME OVER EXPENDITURE AFTER PRIOR PERIOD ITEMS<br>TRANSFER TO RESERVE FUNDS | | (352402) |
| | NET BALANCE BEING SURPLUS/ DEFICIT CARRIED OVER TO BALANCE SHEET<br>(PANCHAYATH FUND) | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 4

# BALANCE SHEET

NEW MAHE GRAMA PANCHAYATH

BALANCE SHEET AS ON 31.03.2017

| CODE NO | DESCRIPTION OF ITEMS | SCHEDULE NO | AMOUNT |
|---|---|---|---|
| LIABILITIES | | | |
| RESERVES AND SURPLUS | | | |
| 310000000 | PANCHAYATH FUND | B-1 | 14512969 |
| 311000000 | EARMARKED FUND | B-2 | 31602 |
| 312000000 | RESERVES | B-3 | 18653788 |
| TOTAL RESERVES AND SURPLUS | | | 33198359 |
| GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | |
| 320000000 | GRANTS AND CONTRIBUTIONS FOR SPECIFIC | B-4 | 966699 |

| | | | |
|---|---|---|---|
| | PURPOSE | | |
| TOTAL GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | 966699 |
| CURRENT LIABILITIES AND PROVISIONS | | | |
| 340000000 | DEPOSITS RECEIVED | B-7 | 661234 |
| 35000000 | OTHER LIABILITIES | B-9 | 574669 |
| TOTAL CURRENT LIABILITIES AND PROVISIONS | | | 1235903 |
| TOTAL LIABILITIES | | | 35400961 |
| ASSETS | | | |
| FIXED ASSETS | | | |
| 410000000 | FIXED ASSETS | B-11 | 25969864 |
| 411000000 | ACCUMULATED DEPRECIATION | B-11 | (2954626) |
| 412000000 | CAPITAL WORK IN PROGRESS | B-11(a) | 97114 |
| TOTAL FIXED ASSETS | | | 23112382 |
| INVESTMENTS | | | |
| 420000000 | INVESTMENTS | B-12 | 1483540 |
| TOTAL INVESTMENTS | | | |
| CURRENT ASSETS , LOANS AND ADVANCES | | | |
| 431000000 | SUNDRYDEBTORS(RECEIVABLES) | B-15 | 794113 |
| 450000000 | CASH AND BANK BALANCES | B-17 | 10001726 |
| 460000000 | LOANS, ADVANCES AND DEPOSITS | B-18 | 9200 |
| TOTAL CURRENT ASSETS, LOANS AND ADVANCES | | | 10805039 |
| TOTAL ASSETS | | | 35400961 |

ഡെപ്യൂട്ടി ഡയറക്ടർ